**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 196** **07-06-2021 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര താലൂക്ക് ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | താലൂക്ക് ആശുപത്രിയായി ഉയർത്തിയ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു 1. ജനറൽ വിഭാഗം 2. കാഷ്വാലിറ്റി വിഭാഗം 3. മെഡിസിൻ വിഭാഗം 4. ഗൈനക്കോളജി 5. ഇ.എൻ്.ടി. 6.ഒഫ്ത്താൽമോളജി 7. ദന്തൽ 8. എൻ.സി.ഡി. 9. ഫാർമസി 10. കാരുണ്യ ഫാർമസി 11 ലബോറട്ടറി 12 എക്സ്റേ 13. ഡയാലിസിസ് 14. പെയിൻ & പാലിയേറ്റീവ് 15. പെയിൻ & പാലിയേറ്റീവ് സെക്കൻഡറി വിഭാഗം 16. ഫിസിയോതെറാപ്പി 17. കൗൺസിലിങ് 18. ആർ.എസ്.ബി. വൈ 19. ആർ.ബി.എസ്.കെ. 20. പൊതുജനാരോഗ്യം |
| (ബി) | മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലായി പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട് എന്നും ഇത് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോ എന്നും വ്യക്തമാക്കുമോ; | (ബി) | ജീവനക്കാരുടെ വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) | ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഇവിടെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 77,43,70,211/- രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ; | (ഡി) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് പുതിയ കെട്ടിട നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 77,43,70,211/- രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നു. ടി |

| | | | |
|---|---|---|---|
| | | | ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ആശുപത്രിയുടെ വികസനം നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണെന്നും പ്രസ്തുത ഏജൻസി ഇതുവരെയായി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ഇ) | INKEL നെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ അപ്രൂവൽ ചെയ്യുന്നത് വരെയുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (എഫ്) | ആശുപത്രി വികസനം നടപ്പാക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ? | (എഫ്) | ആശുപത്രി വികസനം നടപ്പാക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ